(സി) 1,11,139.50 രൂപ ചെലവായിട്ടുണ്ട്.

മുത്തിക്കുളത്തെ ആദിവാസികൾക്ക് നൽകാനായി ഏൽപ്പിച്ച തുക

1277 [2301] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോയമ്പത്തൂർ മുനിസിപ്പാലിറ്റി മുത്തിക്കുളത്തെ ആദിവാസികൾക്കു നൽകാനായി ഏൽപ്പിച്ച തുക പാലക്കാട്ടെ ഏതെങ്കിലും ഡി. എഫ്. ഒ. യുടെ പേരിൽ നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തുക എത്രയാണ്;

(സി) ഈ തുക എന്നാണ് നിക്ഷേപിച്ചത്, ഈ തുക ആദിവാസികൾക്ക് നൽകാത്തതിന് കാരണം എന്താണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത് അനധികൃതമായി വച്ചു താമസിപ്പിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ടെറിറ്റോറിയൽ ഡി. എഫ്. ഒ.യുടെ പേരിൽ കോയമ്പത്തൂർ ഹെഡ് പോസ്റ്റാഫീസിലെ 89103 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) 2,000 (രണ്ടായിരം) രൂപ.

(സി) ഈ തുക 13–4–1940–ലാണ് നിക്ഷേപിച്ചത്. ഈ തുകയിൽ 1695.15 രൂപ കഴിച്ച് ബാക്കിയുള്ള തുക സംസ്ഥാന പുനഃസംഘടനയ്ക്കു മുൻപു തന്നെ അർഹരായ ഇരുളർക്ക് വിതരണം ചെയ്തിരുന്നു. ബാക്കിയുള്ള 1695.15 രൂപ പലിശ സഹിതം ആകെ 1889.85 രൂപ ഗവൺമെന്റ് ഉത്തരവ് നമ്പർ ജി. ഒ. (ആർ.ടി) 451/77/ഡി.ഡി. തീയതി 23–2–1977 പ്രകാരം ഇൻഗ്രേറേറഡ് ട്രൈബൽ ഡലവപ്പ്മെന്റ് പ്രോജക്ട് ആഫീസർക്ക് (അഗളി) 22–1–1979–ൽ അർഹരായ ഇരുളർക്ക് വിതരണം ചെയ്യുവാൻ ഏൽപ്പിച്ചിട്ടുണ്ട്.

(ഡി) പ്രശ്നം ഉദിക്കുന്നില്ല.

ആദിവാസി മേഖലകളിൽ സബ് രജിസ്ട്രാർ ആഫീസ്

1278 [2302] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ എവിടെയെങ്കിലും സബ്രജിസ്ട്രാർ ഓഫീസ് ഉണ്ടോ;

(ബി) അട്ടപ്പാടിയിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആദിവാസി മേഖലകളിൽ വൈത്തിരി, കൽപ്പറ്റ, സുൽത്താൻബത്തേരി, മണ്ണാർക്കാട്, മാനന്തവാടി, പുൽപ്പള്ളി എന്നീ സ്ഥലങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസുകളുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly